**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5426** **21-07-2022 - ൽ മറുപടിയ്ക്ക്**

**ശബരി റയിൽവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട ശബരി റയിൽവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് അങ്കമാലി - ശബരി റെയിൽ പദ്ധതി. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായിട്ടുള്ളത്.<br><br>ദക്ഷിണ റെയിൽവേ 2022-23 പിങ്ക് ബുക്ക് പ്രകാരം ശബരി റെയിൽ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണെന്ന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, ആയത് റെയിൽവേ ബോർഡിന്റെ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി നൽകുകയും ചെയ്തു. തുടർന്ന് 19.02.2021 ലെ കത്തു മുഖേന ശബരി പാതയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) നെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 21.03.2022 ൽ കെ.ആർ.ഡി.സി.എൽ റെയിൽവേയുടെ തുടർ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന്റെ തുടർ പരിശോധന റെയിൽവേയിൽ പുരോഗമിക്കുന്നു. നിലവിൽ അങ്കമാലി - ശബരി പദ്ധതി റെയിൽവേ താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനും പ്രസ്തുത പ്രവൃത്തി കെ.ആർ.ഡി.സി.എൽ നെ ഏൽപ്പിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി ചെലവിന്റെ പകുതി സംസ്ഥാന സർക്കാർ വഹിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ഗതാ തീയതി 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ശബരി പദ്ധതിക്കായി കോതമംഗലം താലൂക്കിൽ എത്രപേരുടെ,എത്ര സ്ഥലം കല്ലിട്ട് അളന്ന് തിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കോതമംഗം താലൂക്കിൽപ്പെട്ട സ്ഥലം അളന്നു തിരിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പാതയ്ക്കായി കഴിഞ്ഞ 20 വർഷത്തിലധികമായി കല്ലിട്ട് തിരിച്ചിട്ടുള്ള കോതമംഗലം താലൂക്കിലെ അടക്കം വിവിധ സ്ഥല ഉടമകൾ ഭൂമി വിൽക്കാനോ, വീട് വയ്ക്കുവാനോ, കൈമാറ്റം ചെയ്യുവാനോ സാധിക്കാത്ത അവസ്ഥയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും വിവിധ തരത്തിലുള്ള പരാതികളും ആക്ഷേപങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| (ഇ) | ശബരി പാതയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിലെ അടക്കം സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് പൂർത്തിയായെങ്കിലും ഹിയറിംഗ് നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | നിലവിൽ ടി പദ്ധതി മരവിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിക്കാതെ നിർത്തി വച്ചിട്ടുള്ളതാണ്. |
| (എഫ്) | ഹിയറിംഗ് നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് ശബരിപാതയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ വേഗത്തിലാക്കി ശബരി പാത നിർമ്മാണം വേഗത്തിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | അങ്കമാലി - ശബരി പദ്ധതി നിർഘ്നീഭവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സംബന്ധിച്ച് അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ